**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4684** **10-08-2021 - ൽ മറുപടിയ്ക്ക്**

**കരിപ്പൂർ ഹജ്ജ് ഹൗസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഹജ്ജ് തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ 31094 Square feet ഏരിയയോട് കൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തി പൂർത്തിയായിവരുന്നു. ഹജ്ജ് ക്യാമ്പ് സമയത്ത് ഉണ്ടാകുന്ന മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ബി) | ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിന് വേണ്ടി കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ. കേന്ദ്ര ഹജ്ജ് കാര്യ മന്ത്രി, സിവിൽ ഏവിയേഷൻ മന്ത്രി എന്നിവരുമായി ബന്ധപ്പെടുകയും അനുകൂല നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ